# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **1367** 03.12.2018-ൽ മറുപടിക്ക്

### എൽ.പി, യു.പി. സ്കൂൾ അദ്ധ്യാപകരുടെ ഒഴിവുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ** | **പ്രൊഫ. സി. രവീന്ദ്രനാഥ് (ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് എൽ.പി, യു.പി. സ്കൂൾ അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ; ഓരോ ജില്ലയിലും ഉള്ള ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്ത് സർക്കാർ എൽ.പി, യു.പി. സ്കൂൾ സ്ഥിരം അദ്ധ്യാപകരുടെ 6326 ഒഴിവുകൾ നിലവിലുണ്ട്. എങ്കിലും ഈ തസ്തികകളിൽ താൽക്കാലികാടിസ്ഥാനത്തിൽ അദ്ധ്യാപകർ നിലവിൽ ജോലി ചെയ്യുന്നുണ്ട്. ടി ഒഴിവുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പ്രസ്തുത ഒഴിവുകളിലേക്കുള്ള പി.എസ്.സി.റാങ്ക് ലിസ്റ്റ് ഏതൊക്കെ ജില്ലകളിൽ പ്രസിദ്ധീകരിച്ചതായാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത് ; | (ബി) തൃശ്ശൂർ ജില്ലയിൽ ലോവർ പ്രൈമറി സ്കൂൾ അദ്ധ്യാപകരുടെ നിയമനത്തിനായുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കാസർകോട് ജില്ലയിൽ ലോവർ പ്രൈമറി സ്കൂൾ അദ്ധ്യാപകർ(കന്നഡ), അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപകർ (കന്നഡ) എന്നീ തസ്തികകളിലേയ്ക്കുള്ള നിയമനത്തിനായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. മറ്റു ജില്ലകളിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. |
| (സി) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച ജില്ലകളിൽ ഒഴിവുള്ള തസ്തികകൾ അടിയന്തിരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) എല്ലാ ജില്ലകളിലും പി.എസ്.സി. നിയമനത്തിനായി മാറ്റിവെച്ച ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം

സംസ്ഥാനത്തെ സർക്കാർ അപ്പർ പ്രൈമറി/ലോവർ പ്രൈമറി അദ്ധ്യാപകരുടെ ഒഴിവുകൾ സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക്.

| ക്രമ നം | ജില്ല | എൽ.പി.വിഭാഗം അദ്ധ്യാപകരുടെ ഒഴിവുകളുടെ എണ്ണം | യു.പി.വിഭാഗം അദ്ധ്യാപകരുടെ ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 411 | 159 |
| 2 | കൊല്ലം | 440 | 134 |
| 3 | പത്തനംതിട്ട | 211 | 53 |
| 4 | ആലപ്പുഴ | 174 | 70 |
| 5 | കോട്ടയം | 107 | 28 |
| 6 | ഇടുക്കി | 119 | 56 |
| 7 | എറണാകുളം | 189 | 105 |
| 8 | തൃശ്ശൂർ | 179 | 114 |
| 9 | പാലക്കാട് | 324 | 214 |
| 10 | മലപ്പുറം | 1061 | 354 |
| 11 | കോഴിക്കോട് | 351 | 159 |
| 12 | വയനാട് | 171 | 93 |
| 13 | കണ്ണൂർ | 216 | 97 |
| 14 | കാസർഗോഡ് | 457 | 280 |

(2)

സെക്ഷൻ ഓഫീസർ